# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 3914/11/12/2024/റ്റി വി എം.**

ഹർജിക്കാരൻ : സന്തോഷ് കുമാർ, കുഴിവിളാകത്ത് വീട്,
അരശുംമൂട്, കുളത്തൂർ പി ഓ, തിരുവനന്തപുരം.

എതിർ കക്ഷി:.

**ഉത്തരവ് തീയതി : 06-03-2025.**

തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര കുളത്തൂർ പൗണ്ട് കടവ് വാർഡുകളിൽ കൂടി കടന്നുപോകുന്ന അരശുംമൂട് - കുഴിവിള റോഡ് റോഡിൻറെ ശോചനീയാവസ്ഥയുമായി ബന്ധപ്പെട്ടാണ് ഈ പരാതി. സ്വിവറേജ് ലൈനിന് വേണ്ടി വാട്ടർ അതോറിറ്റിക്ക് 2018 ൽ പൊതുമരാമത്ത് കൈമാറിയ ഈ റോഡിലെ പണി ഇഴഞ്ഞു നീങ്ങുന്നതിനാൽ പൊതുജനങ്ങളുടെയും വാഹനങ്ങളുടെയും സഞ്ചാരസ്വാതന്ത്ര്യം തടഞ്ഞിരിക്കുകയാണെന്നും രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ പോലും പ്രയാസപ്പെടുകയാണെന്നും പരാതിയിൽ ആരോപിക്കുന്നു.

2. ഈ പരാതിയിൽ കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 2/7/ 2024 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. ഈ റോഡിൽ പണി നടത്തുവാൻ 2018 ൽ കരാർ എടുത്ത കമ്പനിയുടെ അനാസ്ഥ കാരണം ഈ കമ്പനിയെ ഒഴിവാക്കി ബാക്കി പ്രവൃത്തികൾ നടത്തുന്നതിന് ദർഘാസുകൾ പലതവണ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ലെന്നും പൈപ്പ് ലൈൻ പ്രവൃത്തികൾ ചെറിയ മൂന്ന് പാക്കേജുകൾ ആയി തിരിച്ചും മാൻഹോളുകളുടെ പ്രവൃത്തി രണ്ട് പാക്കേജുകൾ ആയി തിരിച്ചും ദർഘാസ്സുകൾ ക്ഷണിച്ച് കരാറുകൾ നൽകി പ്രവൃത്തികൾ പുരോഗമിച്ചു വരികയാണെന്നും അതിൽ രണ്ട് പൈപ്പ് ലൈൻ പ്രവർത്തികൾ പൂർത്തീകരിച്ച് റോഡ് PWD ക്ക് കൈമാറി കഴിഞ്ഞുവെന്നും മൂന്നാമത്തെ പാക്കേജിൽ പൈപ്പ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി പൈലറ്റ് വർക്ക് നടത്തിയപ്പോൾ ആഗ്നേയശില (Hard rock) കണ്ടതിനാൽ Hard rock വരുന്ന ഭാഗം പ്രത്യേകിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ക്രമീകരിക്കുകയും ചെയ്തെന്നും എന്നാൽ ഈ ഭാഗത്ത് വലിയ കല്ലുകളുടെ (boulders) വീഴ്ച ഉണ്ടായത് പദ്ധതിയെ മന്ദഗതിയിലാക്കിയെന്നും ഓപ്പൺ ട്രഞ്ച് എടുത്ത് ഈ വലിയ കല്ലുകൾ നീക്കം ചെയ്യേണ്ടി വന്നത് മൂലം സമീപത്തുള്ള കടകൾ തുറക്കാൻ കഴിയാതെ വരികയും സമീപത്തെ മതിലുകൾക്കും കടകൾക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്തെന്നും ജനരോഷത്തിനും കാരണമായെന്നും നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നന്നും പെട്ടെന്നുണ്ടായ മഴയും വെള്ളപ്പൊക്കവും ടി പ്രവൃത്തിയെ സാരമായി ബാധിച്ചെങ്കിലും പ്രതികൂല സാഹചര്യങ്ങൾ

അതിജീവിച്ച് പൈപ്പിടുന്ന പ്രവർത്തികൾ പൂർത്തിയാക്കി 8/5/2024 ന് റോഡ് പിഡബ്ല്യുഡിക്ക് കൈമാറിയിട്ടുണ്ടെന്നും വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നു.

3. പരാതിയിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയർ 9/1/2025 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. തമ്പുരാൻ മുക്കുമുതൽ കരിമണൽ ഭാഗം വരെയുള്ള റോഡിൽ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ ഇപ്പോഴും നടന്നുവരുന്നതിനാൽ പ്രസ്തുത ഭാഗം നാളിതുവരെ കൈമാറിയിട്ടില്ലെന്നും സ്വീവറേജ് ലൈനിന്റെ പ്രവൃത്തികൾ പൂർത്തിയാക്കി ശേഷിക്കുന്ന റോഡ് ഭാഗം കൂടി പൊതുമരാമത്ത് വകുപ്പിന് കൈമാറിയാൽ മാത്രമേ റോഡിൻെറ ശോചനീയാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളൂവെന്നാണ് P W D യുടെ റിപ്പോർട്ട്.

4. വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തിയാക്കി റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടില്ലെന്ന് ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ ബോധിപ്പിച്ചു.

5. പരാതിക്ക് പരിഹാരമായിട്ടില്ലെന്ന് ഹർജിക്കാരൻ ആവർത്തിക്കുന്നു. വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഇനിയും പണികൾ പൂർത്തിയാക്കാൻ ഉള്ളതായിട്ടാണ് P W D യുടെ റിപ്പോർട്ട് എന്തെങ്കിലും പ്രവൃത്തികൾ തീർക്കാൻ ബാക്കിയുണ്ടെങ്കിൽ കേരള വാട്ടർ അതോറിറ്റി അവ രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കി ആ വിവരം രേഖാമൂലം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറെ അറിയിച്ച് റോഡ് PWD ക്ക് കൈമാറണം. തുടർന്ന് ആവശ്യമായ പണികൾ ചെയ്തു പൊതുമരാമത്ത് വകുപ്പ് രണ്ടുമാസത്തിനുള്ളിൽ റോഡ് സഞ്ചാരയോഗ്യമാക്കി action taken report കമ്മീഷൻ മുമ്പാകെ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. ഹർജിക്കാരനും കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും പൊതുമരാമത്ത് വകുപ്പ് പിഡബ്ല്യുഡി റോഡ് സെക്ഷൻ കഴക്കൂട്ടം അസിസ്റ്റൻറ് എൻജിനീയർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക

( ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j